
AJJMGGHSS THALAYOLAPARAMBU
KITE OF COLOURS
little KITEs
DIGITAL MAGAZINE




## ആമുഖം

നവസാങ്കേതികതയുടെ ശ്രദ്ധേയവും സാമകാലികവുമായ ഇടപെടലുകൾ വദ്യാഭ്യാസ മേഖലയും ഊർജ്ജം പകർന്നു. പാഠപുസ്തകങ്ങൾക്കപ്പുറത്ത്

അറിവിന്റെ ലോകം വിദ്യാർത്ഥികൾക്ക് വിരൽതുമ്പിലായി. അദ്ധ്യാപനം കൂടുതൽ സൗഹൃദപരവും രസകരവുമായി. ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി കുട്ടികൾക്ക് കംമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ മേന്മകൾമനസ്സിലാക്കാനും അത് സ്കൂളിൽ പ്രാവർത്തികമാക്കാനും കൂടുതൽ സഹായകമായി. ഇൻ്റർനെറ്റിന്റെ ഉപയോഗം പഠനപ്രവർത്തനങ്ങൾക്കും പാഠ്യേതരപ്രവർത്തനങ്ങൾക്കും എങ്ങനെ ഉപയോഗപ്രദമാകുമെന്ന് കൃത്യമായ ധാരണയോടെ കുട്ടികൾ തയ്യാറാക്കിയ ഈ മാഗസിൻ തന്നെ തെളിവാണ്. കുട്ടികളുടെയും അദ്ധ്യാപകരുടെയും രചനകളും ചിത്രങ്ങളും കുട്ടികൾ തയ്യാറാക്കിയ ഈ മാഗസിൻ.

ഹെഡ്മിസ്ട്രസ്സ് ഇൻചാർജ്

ഡോ. ഷംല യു

# പറക്കാം;
# അറിവിന്റെ
# <u>ആകാശങ്ങളിലൂടെ...</u>

ജീവിതത്തിലെ വസന്തകാലമൊന്നു നാമൊരൊരുത്തരും ഒർക്കുക സ്കൂൾ വിദ്യഭ്യാസകാലത്തെയല്ലേ? യൂണിഫോമും ബാഗും പുസ്തകങ്ങളും മുതിരുമ്പോൾ ഗൃഹാതുരതയുള്ള ഒർമ്മകളും അനുഭവങ്ങളുമായി മനസ്സിനെ ചെറുപ്പമാക്കി നിർത്തുന്നതിനാലാവാം എല്ലാ കവികളും ബാല്യത്തെക്കുറിച്ചും തങ്ങളുടെ വിദ്യാലയത്തെക്കുറിച്ചും പാടിയും പറഞ്ഞുമിരിക്കുന്നത്. ഇഷ്ടമുള്ളതും ഇഷ്ടമില്ലാത്തതുമായ ഒരുപാട് വിഷയങ്ങൾക്കൊപ്പം സ്കൂൾ അന്തരീക്ഷവും കൂട്ടുകാരും അദ്ധ്യാപകരും ഇണക്കവും പിണക്കവുമപള്ള സൗഹൃദങ്ങളും വല്യതാവുമ്പോൾ മധുരനെല്ലിക്കകളായിമാറുന്നു.ഖലിൽജിബ്രാന്റെ വാക്കുകൾപോലെ സ്വന്തം ചിറകുകൾക്കുള്ള ഊർജം ശേഖരിക്കാനാണ് വിദ്യാഭ്യാസംകൊണ്ട് കുട്ടികൾ പരിശീലിക്കുന്നത്. സ്വന്തം ചിറകുകകൾ അദ്ധ്യാപകരിൽ നിന്ന് സ്വീകരിക്കാതെ

അവനവൻ്റെ ചിറകുകൾക്കു ശക്തി പകരാനുള്ള സ്രോതസ്സായി അദ്ധ്യാപകരെ കണ്ട്, പഠനത്തെ ആസ്വാദ്യകരമായി കണ്ട് കൊണ്ട് അറിവിൻ്റെ ആകാശത്തെ വിശാലമാക്കിത്തീർക്കാനാണ് കുട്ടികൾ ശ്രമിക്കേണ്ടതും. നിങ്ങളുടെ ആകാശം സ്വയം കണ്ടെത്താനും നിങ്ങളുടെ ചിറകുകൾക്ക് ശക്തികൊണ്ട് ആകാശത്തെ കീറിമുറിക്കാനും കഴിയട്ടെ എന്നാശംസിക്കുന്നു.

ഗീതാകുമാരി സി എസ്

അദ്ധ്യാപിക

# ജലം

ജലം ജീവൻ്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. നമ്മുടെ ഭൂമിയിൽ ¾ ഭാഗവും ജലത്താൽ ചുറ്റപ്പെട്ടതാണ് കിടക്കുന്നത്. എങ്കിലു, നമ്മുടെ ഭൂമിയിലെ പുഴകളെയും തടാകങ്ങളെയും ജനങ്ങൾ തന്നെയാണ് മലിനമാക്കികൊണ്ടിരിക്കുന്നത്. എല്ലാ ജലസ്രോതസ്സുകളും ഇന്ന് പ്ലാസ്റ്റിക്ക് നിറഞ്ഞിരിക്കുകയാണ്. മനുഷ്യൻെറ ഇത്തരം ക്രൂരത കാരണം കൈത്തോടുക്കാൻ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട്തന്നെ ഈ കടന്നുപോയ കൊടുംവേനലിൽ ജീവജാലങ്ങൾ ജലത്തിനു വേണ്ടി നേട്ടോട്ടമോടുന്നത് നാം കാണുന്നു. ഇനി വരുന്ന തലമുറക്കുവേണ്ടി നമ്മുക്ക് ഒന്നേ ചെയ്യാനുള്ളൂ. അവശേഷിക്കുന്ന ജലസ്രോതസ്സുകൾ സംരക്ഷിക്കുക. നമ്മുടെ പ്രകൃതിയെ മാലിന്യവിമുക്തമാക്കുക, മാലിന്യങ്ങൾ പുഴയിലി നിന്നും മറ്റും ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുക. ധാരാളം മരങ്ങൾ വച്ചുപിടിപ്പിക്കുക, മഴവെള്ളം ശരിയായ രീതിയിൽ സംരക്ഷിക്കുക. ജലം സംരക്ഷിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നു. കുട്ടികൾ എന്ന നിലയിൽ പ്രകൃതിയെ ഏറ്റവും കൂടുതൽ സംരക്ഷിക്കാൻ പറ്റുന്നത് നമ്മുക്കാണ്. നമുക്കെല്ലാവർക്കും പ്ലാസ്റ്റിക്ക് കോരളത്തിനെതിരെ ഒന്നിച്ച് പോരാടാം.

അപർണ്ണ എം. നായർ
8 B



# അമ്മ

മലയാളത്തിലെ ഏറ്റവും മനോഹരവും ശ്രേഷ്ഠവുമായ വാക്കാണ് അമ്മ. നാവിൽ ആരും പഠിപ്പിക്കാതെ വരുന്ന വാക്കാണ് അമ്മ. ഇത്രയും സ്നേഹവും കരുതലും കുട്ടിയുടെ കാര്യത്തിൽ മറ്റാർക്കും ഉണ്ടാവുക? അമ്മയുടെ അടുത്തുവരുമ്പോൾ എല്ലാ ദുഃഖവും അലിഞ്ഞില്ലാതാകുന്നു. സ്നേഹവും സന്തോഷവും കൂടിചെർന്ന കടലാണ് അമ്മ. അടുക്കുമ്പോഴും ആഴമെറുന്ന കടൽ. സ്വഭാവരൂപീകരണത്തിലും വളർച്ചയിലും പ്രധാന പങ്കുവഹിക്കുന്ന വ്യക്തിയാണ് അമ്മ. നന്മ, സ്നേഹം, വാത്സല്യം എന്നിങ്ങനെ എത്രയെത്ര പേരിട്ടാലും വിലമതിക്കാനാവാത്തതുമായ ഒന്നാണ് അമ്മ.

"അമ്മയെന്നാലക്ഷരമല്ല,
അമ്മയെന്നൊരൊറ്റ-
ക്ഷരമാണ് എന്റെ മലയാളം" കുഞ്ഞുണ്ണിമാഷിന്റെ തേന്തുറും മലയാളം എന്ന കവിതയിലെ വരികളാണിത്.

കവിതയിലെ മലയാളം എന്ന വാക്കിനാൽ ഒന്നുകൂടി അനുസ്മരിക്കുകയാണ് കുഞ്ഞിണ്ണിമാഷ്. എന്റെ അമ്മ എന്റെ ദൈവം, എന്റെ ജീവൻ.

ആർദ്ര മധു
8 B

## ഏതു രാഗം

എത്രയോ നിശ്ശൂന്യമീ
രാത്രി ഹാ! ഇരുള്പോലും-
നിശ്ചലം വാക്കൈപൊത്തി
നില്ക്കയാണന്തസ്തപം.

അത്രയും തമോവൃത-
മാകുമീ നിശീഥത്തില്
ഇത്രമേല് ധ്യാനാത്മകം
നുളുന്ന സ്വരമേതോ?

ദൂരയാ കുന്നോ കാടോ
ചേണുറ്റൊരാകാശമോ
ചേറണിപ്പുഴക്കയ്യോ
ആ നിശാചരികളോ?

വിസ്മിതമുടലാഴി-
യലപോലുയര്ന്നാടി,
മുഗ്ദ്ധമാ ഗാനത്തിന്റെ
നിര്ഝരി തേടിച്ചെന്നു.

അക്കുടില്വാതില്പാളി
പയ്യവേ മലര്ന്നു, നല്-
താനത്തിലാത്മാലാപം
ചേര്ക്കയാണഗ്ഗായകന്!!

ആരു നീയൊളി ചേര്ത്തു-
വല്ലെങ്കില് കങ്കാളമാം
രാവിതായേനെ;ഏതു
രാഗമാണീവൈഭവം?
അത്രമേലടുത്തൊരാള്
തൊട്ടപോല്, പ്രേമാഭത്താല്
സ്നിഗ്ദ്ധമാം ഭാവലാപ-
മാരു നീ പറഞ്ഞിട്ടു...

രാഗിലേ! രാഗാന്വിതേ..
ഭൂപാളിയാണീ രാഗം,
സ്നേഹമാണിതിന് നാദം,
സ്നേഹഗായകന് ഞാനും.

അഭം[നാനാഃ]ജലം,പ്രതാപം

(തിരുനല്ലൂർ അവാർഡ് നേടിയ കവിത)

നിഷ നാരായണൻ
അദ്ധ്യാപിക



## അച്ചടക്കം

പുറമേയോ അകമേയോയുള്ള പ്രേരണമൂലം ജീവജാലങ്ങളിൽ സൃഷ്ടിക്കുന്ന ശിക്ഷണബോധത്തെയാണ് അച്ചടക്കം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. അച്ചടക്കത്തിനെ ഇംഗ്ലീഷിൽ discipline എന്നാണ് പറയുന്നത്. ചിട്ടപ്പെടുത്തിയ പെരുമാറ്റരീതിയെന്ന് ഉദ്ദേശിച്ചാണ് അച്ചടക്കം എന്ന പദം പ്രയോഗിക്കുന്നത്.

യഥാർത്ഥത്തിൽ അച്ചടക്കം ആത്മനിയന്ത്രണഫലമായി ഉണ്ടാകുന്നതാണ്. സ്കൂളിൽനിന്നും ലഭിക്കുന്ന അച്ചടക്കബോധം പിൽക്കാലജീവിതത്തിൽ കുട്ടികൾക്ക് പ്രയോജനപെടുന്നു. അതിൽ അധ്യാപകർ വഹിക്കുന്ന പങ്ക്
വളരെ വലുതാണ്. പ്രതിഫലം ആഗ്രഹിക്കാതെ ശിക്ഷയെ പേടിക്കാതെ നല്ലതുചെയ്യുന്നതാണ് നല്ല പെരുമാറ്റം. ഈ നിലവാരത്തിൽ വിദ്യാർത്ഥികളെ എത്തിക്കുക എന്നതാണ് അധ്യാപകന്റെ ധർമ്മം. പുറമേമാത്രം അച്ചടക്കം ഉണ്ടായാൽപ്പോര അകമേയും ഉണ്ടാകണം. എന്നാൽ മാത്രമേ അതൊരു നല്ല അച്ചടക്കമാകുകയുള്ളൂ. അധ്യാപകരോടുള്ള കുട്ടിയുടെ ഭയഭക്തിബഹുമാനങ്ങൾ അച്ചടക്കപാലനത്തിന്റെ ഒരു ഭാഗം കൂടിയാണ്. അറിവില്ലാത്ത കുട്ടിക്ക് പറഞ്ഞുകൊടുക്കുക , തെറ്റ് ചെയ്ത കുട്ടിക്ക് തെറ്റ് തിരുത്തി കൊടുക്കുക ഇതെല്ലാം അച്ചടക്കത്തിൽപ്പെടുന്നു.

ലക്ഷ്മി സാബു
10-c

## ***Beauties of Nature***


***N****ature is full of beauties and blessings for humanity. The flowing rivulets , the sounding cataracts , the dancing winds , the smiling flowers and the lofty mountains are only some of these beauties. Nature can fill our lives with real joy , goodness and happiness. To a lover of nature , every object , of nature is much living as any human being.*


*Beauties of nature are unlimited. But unfortunately, the modern man is too much engrossed in worldly pursuits. He has no time to listen the singing of the birds, to watch the clouds moving majestically across the sky to play with dancing daffodils. He does not look at the starry heavens; he is dead to the beauty of a rainbow in the sky.*


*Nature is not only a source of joy. It is also a source of education.*

*The fruitful trees teach us to humble; the mountain teach us to be firm; the flowers teach us to smile and blossom even when we are surrounded by the thorns of life. Nature is a source of joy to us because it reveals the oneness of life. Nature is a manefestation of God. Nature is permitted with the same soul that dwells in man.*

*By*
*Anjana M.M*




Riya praveen
9A


riya praveen 9A


AJJMGGHSS THALAYOLAPARAMBU
Thank you
little
KITEs